പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5724 28.03.2018-ൽ മറുപടിയ്ക്ക്

# തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ഡി.എം.ആർ.സി. ഓഫീസ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എൻ .എ.നെല്ലിക്കുന്ന് | | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) | തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ഡി.എം.ആർ.സി.ഓഫീസുകൾ തുടങ്ങിയിരുന്നോ എന്നും എത്ര കാലമായി ഈ ഓഫീസുകൾ പ്രവർത്തിച്ചിരുന്ന എന്നും വ്യക്തമാക്കാമോ; | (എ) തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കുള്ള ജനറൽ കൺസൽറ്റന്റായി ഡി.എം.ആർ.സി-യെ കേരള മോണോറയിൽ കോർപ്പറേഷൻ (ഇന്നത്തെ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ്) 2013 ജൂൺ മാസത്തിൽ ചുമതല ഏൽപ്പിച്ചിരുന്നു. അതിന് മുൻപ് തന്നെ ഡി.എം.ആർ.സി ഓഫീസുകൾ ഈ നഗരങ്ങളിൽ പ്രവർത്തിച്ചു തുടങ്ങിയിരുന്നു. |
| (ബി) | പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തിന് ഡി.എം.ആർ.സിക്ക് പ്രതിമാസം എത്ര രൂപയാണ് ചെലവെന്നും ഇത് സംസ്ഥാന സർക്കാർ നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ; | (ബി) ഡി.എം.ആർ.സി-യുടെ ഓഫീസുകളുടെ പ്രതിമാസ പ്രവർത്തനത്തിനുള്ള തുക സർക്കാർ നേരിട്ടു നൽകിയിരുന്നില്ല. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായുള്ള ഇടക്കാല കസൽറ്റൻസി കരാർ പ്രകാരം തവണകളായി അവർക്ക് നൽകേണ്ട തുകയാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളത്. |
| (സി) | കൺസൾട്ടൻസി കരാർ ഒപ്പുവെച്ചിരുന്നോ എന്നും ഇല്ലെങ്കിൽ അത് അനന്തമായി നീളാൻ കാരണമെന്താണെന്നും വ്യക്തമാക്കാമോ; | (സി) ലൈറ്റ് മെട്രോപദ്ധതികൾക്ക് മുന്നോടിയായുള്ള പ്രാരംഭ ജോലികൾക്കായുള്ള *ഇട ക്കാല കസൽറ്റന്റായി* ഡി.എം. ആർ.സി-യെനിയമിച്ചു കൊണ്ടുള്ള കരാർ 20.01.2016-ന് ഒപ്പു വെച്ചു (കരാർ തുക 5.218 കോടി രൂപ). *ഈ കരാറിന്റെ കാലാവധി 2016 ഡിസംബറിൽ അവസാനിച്ചു.* അതിൻ പ്രകാരമുള്ള പ്രധാന ജോലികൾ *(സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങൾ, ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും* |

*എസ്റ്റിമേറ്റും, പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കാനുള്ള രൂപരേഖ, ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും, ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും എന്നിവ)* അവർ പൂർത്തിയാക്കുകയും, രേഖകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട് എന്നാൽ, ലൈറ്റ് മെട്രോ പദ്ധതികളുടെ പ്രധാന പ്രാരംഭ ജോലികളുടെ ഭാഗമായി തിരുവനന്തപുരത്ത് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ള മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതലക്കുള്ള കരാർ ഡി.എം.ആർ.സി യുമായി ഒപ്പുവച്ചിട്ടില്ല. 18.12.2017-ൽ കൂടിയ കെ.ആർ.ടി.എൽ ഡയറക്ടർ ബോർഡ് യോഗം പ്രസ്തുത നിർമ്മാണത്തിന് ദർഘാസിലൂടെ ഏജൻസിയെ കണ്ടെത്താൻ സർക്കാരിനെ സമീപിക്കുന്നതിനാണ് തീരുമാനിച്ചത്.

ലൈറ്റ് മെട്രോ പദ്ധതി കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടെ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയായതിനാൽ കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമായ ശേഷം, തുടർ നടപടികൾ സ്വീകരിക്കാം എന്നാണ് തീരുമാനിച്ചിട്ടുള്ളത്.

**(ഡി)** ലൈറ്റ് മെട്രോയുടെ നടത്തിപ്പിനായി രൂപീകരിച്ച കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ യോഗം അവസാനമായി ചേർന്നതെപ്പോഴാണെന്ന് വ്യക്തമാക്കാമോ;

**(ഡി)** 18.12.2017-ായിരുന്നു കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ ബോർഡ് യോഗം അവസാനമായി ചേർന്നത്.

**(ഇ)** പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നും തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും കൺസൾട്ടൻസി കരാർ പൊതു ടെണ്ടർ വിളിച്ച് കൊടുക്കണമെന്ന ആവശ്യം ഉയർന്നിരുന്നോ എന്നും വ്യക്തമാക്കാമോ;

**(ഇ)** കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ 18.12.2017-ലെ ബോർഡ് യോഗത്തിൽ പങ്കെടുത്തവർ:

1 . ശ്രീ. പിണറായി വിജയൻ, ബഹു. മുഖ്യമന്ത്രി-ചെയർമാൻ
2. ശ്രീ.ജി.സുധാകരൻ, ബഹു. പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി-വൈസ് ചെയർമാൻ
3. ശ്രീ. എ.കെ.ബാലൻ ബഹു. നിയമ, സാംസ്കാരിക വകുപ്പ് മന്ത്രി- ഡയറക്ടർ
4. ശ്രീ. ടി.പി. രാമകൃഷ്ണൻ, ബഹു. തൊഴിൽ, എക്സൈസ് വകുപ്പ് മന്ത്രി- ഡയറക്ടർ
5. ശ്രീ. കെ.ടി. ജലീൽ ബഹുതദ്ദേശ സ്വയംഭരണ, പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി- ഡയറക്ടർ

6. ശ്രീ. കമലവർദ്ധന റാവു, പ്രിൻസിപ്പൽ സെക്രട്ടറി,പൊതുമരാമത്ത് വകുപ്പ്
ഡയറക്ടർ

7. ശ്രീ.കെ.ആർ. ജ്യോതിലാൽ, സെക്രട്ടറി, (ഗതാഗതം) - ഡയറക്ടർ

8. ശ്രീ. അജിത് പാട്ടീൽ ഐ.എ.എസ്., മാനേജിംഗ് ഡയറക്ടർ

കെ.ആർ.ടി.എല്ലിന്റെ ഭരണപരമായ കാര്യങ്ങളിലും ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച കാര്യങ്ങളിലും പ്രസ്തുത യോഗത്തിൽ തീരുമാനങ്ങൾ എടുത്തിരുന്നു ഇതിൽ ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച തീരുമാനങ്ങൾ ഇവയാണ്:

പുതുക്കിയ കേന്ദ്ര മെട്രോ നയത്തിനനുസൃതമായി ഡി.എം.ആർ.സി സമർപ്പിച്ച പുതുക്കിയ ഡി.പി.ആർ (അനുബന്ധം) പരിശോധിക്കാനായി ധനകാര്യ വകുപ്പു സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കാൻ സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചു. കഴക്കൂട്ടം -കേശവദാസപുരം പാതവികസനം പൊതുമരാമത്ത് വകുപ്പ് നേരിട്ടോ വകുപ്പിന്റെ കീഴിലുള്ള മറ്റ് ഏജൻസികൾ വഴിയോ നടപ്പിലാക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കാൻ തീരുമാനിച്ചു.

മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതല ഏതെങ്കിലും ഏജൻസിയെ ടേൺകീ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് പകരം, ഇതിനായുള്ള ഏജൻസിയെ ദർഘാസിലൂടെ കണ്ടെത്താൻ സർക്കാരിനെ സമീപിക്കാൻ തീരുമാനിച്ചു.

**(എഫ്)** തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതിക്ക വേണ്ടി സംസ്ഥാന സർക്കാരിന് ചെലവിടേണ്ട തുക എത്രയാണെന്നും എത്ര വർഷം കൊണ്ടാണ് ഇത് ചെലവിടേണ്ടി വരുന്നത് എന്നും വ്യക്തമാക്കാമോ?

**(എഫ്)** പുതുക്കിയ പദ്ധതി രേഖ പ്രകാരം തിരുവനന്തപുരം കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്കായി സ്ഥലമെടുപ്പിനായി 392 കോടി രൂപയും, സംസ്ഥാന നികുതി ഇനത്തിൽ 534കോടി രൂപയും കേന്ദ്ര നികുതിയുടെ 50% ആയ 316.5 കോടി രൂപയും ഉൾപ്പെടെ 2187 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവിടേണ്ട തുകയായി കണക്കാക്കിയിട്ടുള്ളത്. മേൽപ്പറഞ്ഞ തുക 6 വർഷം കൊണ്ട് ചെലവിടേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ